**Volume 07**
**Issue 04**
**19 June, 2016**
**Sleehakalam VI**

**Deut.4: 1-8**
**Is 2:1-5**
**1Cor. 10:23-31**
**Lk. 12:57-13:5**




# മാനസാന്തരത്തിന്റെയും ഹൃദയ പരിവർത്തനത്തിന്റെയും സന്ദേശം



Rev Bro
Abin
Eettickal

ശ്ലീഹാക്കാലത്തിലെ ആറാമത്തെ ആഴ്ചയിലേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണ്. ഈശോയുടെ സ്വർഗ്ഗാരോപണത്തിനു ശേഷം പേടിച്ച് കതകടച്ചിരുന്ന ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതും വലിയ ധൈര്യത്തോടും തീക്ഷണതയോടുംകൂടി ക്രിസ്തുവിനെ, ഉത്ഥിതനായവനെ പ്രഘോഷിക്കുന്നതും അങ്ങനെ ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളും പ്രഘോഷണവും കൊണ്ട് അനേകം ആളുകൾ ക്രിസ്തുവിന് സാക്ഷിയായി മാറുന്നതുമൊക്കെയാണ് ശ്ലീഹാക്കാലത്തിൽ നാം അനുസ്മരിക്കുന്നത്. ഇന്നത്തെ വചന ഭാഗം നമ്മുടെ മുൻപിൽ വയ്ക്കുന്നത് ഈ മാനസാന്തരത്തിന്റെയും ഹൃദയ പരിവർത്തനത്തിന്റെയും സന്ദേശമാണ്. അപ്പസ്തോലപ്രവർത്തനം 2-ാം അദ്ധ്യായത്തിൽ നാം ഇപ്രകാരം വായിക്കും ഇതുകേട്ടപ്പോൾ അവർ ഹൃദയം നുറുങ്ങി പത്രോസിനോടും മറ്റ് അപ്പസ്തോലന്മാരോടും ചോദിച്ചു. സഹോദരന്മാരെ ഞങ്ങൾ എന്താണു ചെയ്യേണ്ടത്? പത്രോസ് പറഞ്ഞു “നിങ്ങൾ പശ്ചാത്തപിക്കുവിൻ.” സ്നേഹമുള്ളവരെ ശ്ലീഹാക്കാലത്തിലൂടെ കടന്നുപോകുമ്പോൾ പരിശുദ്ധാത്മാവാകുന്ന ദാനം സ്വീകരിച്ച് ജീവിത നവീകരണം സ്വന്തമാക്കുവാൻ നമ്മുക്ക് സാധിക്കണം. അപ്പോഴാണു നമ്മുടെ ക്രിസ്തീയജിവിതം ഫലം പുറപ്പെടുവിക്കുന്നതായി മാറുകയുള്ളു.

നമ്മുടെ ഈ ലോകജീവിതം ഒരു യാത്രയാണ് എന്ന് നമ്മുക്കറിയാം. സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള യാത്ര. ഈ യാത്രയിൽ നമ്മെ സൃഷ്ടിച്ച് നമ്മെ പരിപാലിക്കുന്ന അധികാരിയായ ദൈവത്തിന്റെ പക്കലേയ്ക്കു നാം തീർത്ഥാടനം ചെയ്യുമ്പോൾ എനിക്ക് ആരോടും ശത്രുത പാടില്ല. ഞാൻ ശത്രുത പുലർത്തുന്നവെങ്കിൽ എന്റെ ശത്രുവിനോട് അനുരഞ്ജനപെടാൻ എനിക്ക് ഈ യാത്രയിൽ ധാരാളം അവസരങ്ങൾ ഉണ്ട്. അത് ഞാൻ പ്രയോജനപ്പെടുത്തിയാൽ അധികാരി എന്നോട് ചോദിക്കില്ല, നീ എന്തിനാണ്

ശത്രുത പുലർത്തുന്നത് എന്ന്. മറ്റൊരു വാക്കിൽ പറഞ്ഞാൽ ന്യായാധിപസംഘത്തിന് മുൻപിൽ എനിക്ക് നിൽക്കേണ്ടി വരില്ല.

സ്നേഹമുള്ളവരെ ഇന്ന് നാം ജീവിക്കുന്നത് പാപബോധമില്ലാത്ത ഒരു ലോകത്താണ്. ഇന്നത്തെ വലിയ പ്രശ്നം എന്നു പറയുന്നത് മനുഷ്യൻ പാപം ചെയ്യുന്നു എന്നതല്ലമിറച്ച് എത്ര വലിയ മാരകപാപം ചെയ്താലും മനുഷ്യൻ പാപത്തെക്കുറിച്ചോ അതിന്റെ ഗൗരവത്തെക്കുറിച്ചോ അവബോധമുള്ളവനല്ല. അതുകൊണ്ട് പശ്ചാത്താപത്തിന്റെയും അനുരഞ്ജനത്തിന്റെയും ആവശ്യകതയെക്കുറിച്ച് മനുഷ്യൻ ചിന്തിക്കുന്നില്ല. നമ്മുടെ ജീവിതത്തിലും നമ്മുടെ സമൂഹത്തിലും എവിടെയൊക്കെയാണ് വിള്ളലുകൾ വീണിരിക്കുന്നത് എന്ന് നാം ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. പാപബോധമില്ലായിരുന്ന സോദോം- ഗൊമോറയെ ദൈവം നശിപ്പിച്ചു. അനുതപിച്ച നിനിവേ നിവാസികളെ ദൈവം നശിപ്പിച്ചില്ല. ഇന്ന് സുവിശേഷത്തിൽ പശ്ചാത്തപിച്ചില്ലെങ്കിൽ നിഹ്ങൾ അതുപോലെ നശിക്കും എന്ന് ഈശോ പറയുമ്പോൾ അനുതപിച്ചില്ലെങ്കിൽ ജീവിതത്തിലുണ്ടായേക്കാവുന്ന ദുരിതങ്ങളെക്കുറിച്ചാണ് അവിടുന്ന് മുന്നറിയിപ്പു നൽകുന്നത്. പാപമല്ല അനുതപിക്കാത്തതാണ് മനുഷ്യജീവിതത്തിന്റെ യഥാർത്ഥ ദുരന്തമെന്ന സത്യത്തിലേയ്ക്കാണു വചനം വെളിച്ചം വീശുന്നത്. തള്ളിപറഞ്ഞ പത്രോസിന്റെയും ഒറ്റിക്കൊടുത്ത യൂദാസിന്റെയും ജീവിതങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നതും ഇതു തന്നെയാണ്. ഒരാൾ പശ്ചാത്തപിച്ച് കണ്ണീരോഴുക്കിയപ്പോൾ ദൈവം അവരെവീണ്ടെടുത്തു. അപരൻ അനുതപിക്കാതെ കുറ്റബോധത്തിൽ വീണുപോയപ്പോൾ അവന്റെ ജീവിതം ദുരന്തത്തിൽ അവസാനിച്ചു.

സ്നേഹമുള്ളവരെ ഓരോ വിശുദ്ധകുർബാനയർപ്പണവും നമ്മെ വിളിക്കുന്നത് ഈ അനുതാപത്തിലേയ്ക്കും അനുരഞ്ജനത്തിലേയ്ക്കുമാണ്. ഏശയ്യാ 1-18-ൽ നാം വായിക്കുന്നതുപോലെ രമ്യപ്പെടാൻ ക്ഷണിക്കുന്ന ഒരു ദൈവമാണ് നമ്മുടെ ദൈവം. പാപങ്ങളെ കഴുകി വെൺമയുള്ളതാക്കി മാറ്റുന്ന ദൈവം. രമ്യതയുടെ വലിയ ചിത്രം കാൽവരി കുരിശിൽ നമ്മൾ കാണുന്നുണ്ട്. കുത്തി മുറിവേൽപിച്ചവനോടും രമ്യതകാണിക്കുന്ന ക്ഷമിക്കുന്ന സ്നേഹം. ഇന്ന് അൾത്താരയിൽ ഈ രമ്യതയുടെ ബലി അവൻ വീണ്ടും അർപ്പിക്കുമ്പോൾ അത് കണ്ടില്ല എന്നു നടിക്കുവാൻ നമുക്കെങ്ങനെ കഴിയും. ക്രിസ്തുവിന്റെ കൂടെ നടന്നിട്ടും രമ്യതയുടെ സ്നേഹം യൂദാസ് കണ്ടില്ല. അനുരഞ്ജനത്തിന്റെയും പാപബോധത്തിന്റെയും ആത്മാവിനെ സ്വീകരിക്കുമ്പോഴാണ് നമുക്കും രമ്യതയുടെ സ്നേഹത്തെ തിരിച്ചറിയാൻ സാധിക്കു. അപ്പോൾ മാത്രമേ അവന്റെ വഴിയിലേയ്ക്കു തിരിച്ചു നടക്കാൻസാധിക്കു. ഈ ശ്ലീഹാക്കാലത്തിൽ ആത്മാവിനാൽ നിറഞ്ഞ് പാപബോധമുള്ളവരായി ദൈവവുമായി അനുരഞ്ജിതരാകാൻ നമുക്ക് പരിശ്രമിക്കാം. അനുരഞ്ജനത്തിലേ ഒരുമയുടെ ബലിയർപ്പിക്കാൻ നമുക്കു സാധിക്കുകയുള്ളു. അവിടെ മാത്രമേ ഗുരുവിന്റെ സ്നേഹത്തെ തിരിച്ചറിയാനും ആ രമ്യതയുടെ സ്നേഹത്തിൽ എന്നും ഉറച്ചു നിൽക്കുവാനും നമുക്കു സാധിക്കുകയുള്ളു. അതിനുള്ള കൃപയ്ക്കായി ഈ വി. ബലിയിൽ നമുക്കു പ്രാർത്ഥിക്കാം.